**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 990** **07-12-2022 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്നവരെ സർക്കാർ ജീവനക്കാരായിട്ടാണോ പരിഗണിക്കുന്നത്; അല്ലെങ്കിൽ ഇവരെ ഏതുവിഭാഗത്തിലാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ സർക്കാർ ജീവനക്കാർ അല്ല. നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഓരോ സ്വതന്ത്ര യൂണിറ്റുകളാണ്. ഓരോ ക്ഷേത്രത്തിലെയും ജീവനക്കാരെ നിയമിക്കുന്ന നിയമനാധികാരി അതാത് ക്ഷേത്രങ്ങളുടെ ട്രസ്റ്റി/ എക്സിക്യൂട്ടീവ് ഓഫീസർ/ഫിറ്റ് പേഴ്സൺ/ട്രസ്റ്റി ബോർഡ് ചെയർമാൻ തുടങ്ങിയ സ്ഥാനപേരിലുള്ള ക്ഷേത്രഭരണാധികാരികളാകയാൽ അത്തരം ജീവനക്കാർ അവർ ജോലി ചെയ്തു വരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർ എന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നത് |

സെക്ഷൻ ഓഫീസർ